**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1463

22.03.2013 ലെ
മറുപടിയ്ക്ക്

ന്യൂനപക്ഷ പ്രൊമോട്ടർമാർ

**ചോദ്യം**

ശ്രീ. പി. റ്റി.എ. റഹീം

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) ന്യൂനപക്ഷ പ്രൊമോട്ടർമാരായി എത്ര പേരെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എ) 1000 പേരെയാണ് സംസ്ഥാനത്താകെയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ ആകെ 902 പേർക്ക് നിയമനം നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രൊമോർട്ടർമാർ ഏതെല്ലാം ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രൊമോർട്ടർമാർ മുസ്ലീം, ക്രിസ്ത്യൻ, എന്നീ വിഭാഗങ്ങളിൽപ്പെടുന്നവരാണ്.

(സി) പ്രസ്തുത പ്രൊമോർട്ടർമാരിൽ മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, പാർസികൾ, ബുദ്ധന്മാർ, സിക്കുകാർ, ജൈനൻമാർ എന്നീ വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി)

| ജില്ല | മുസ്ലീം | ക്രിസ്ത്യൻ |
|---|---|---|
| തിരുവനന്തപുരം | 46 | 9 |
| കൊല്ലം | 42 | 4 |
| പത്തനംതിട്ട | 37 | 16 |
| ആലപ്പുഴ | 38 | 12 |
| കോട്ടയം | 33 | 21 |
| ഇടുക്കി | 36 | 9 |
| എറണാകുളം | 51 | 13 |
| തൃശ്ശൂർ | 54 | 27 |
| പാലക്കാട് | 78 | 5 |
| മലപ്പുറം | 114 | 0 |
| കോഴിക്കോട് | 78 | 6 |
| വയനാട് | 24 | 4 |
| കണ്ണൂർ | 90 | 9 |
| കാസർഗോഡ് | 45 | 1 |
| **ആകെ** | 766 | 136 |

(ഡി) ചില സംഘടനകൾ പ്രസ്തുത പ്രൊമോട്ടർമാരെ മതപ്രബോധകരായും രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ് സെക്രട്ടറിമാരായും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഡി) പ്രൊമോട്ടർമാരെ വയ്ക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ച് വരുന്നതേയുള്ളൂ. ആയതിനാൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

സെക്ഷൻ ഓഫീസർ